**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 13/07/ 2021

# മൊബൈൽ ഫോൺ കടകളിലെ മോഷണം പ്രതി പോലീസ് പിടിയിലായി

കൊല്ലം : കൊല്ലം നഗരത്തിലേയും സമീപ പ്രദേശങ്ങളിലേയും മൊബൈൽ ഫോൺ കടകൾ കേന്ദ്രീകരിച്ച് അടുത്തിടെ മോഷണം നടത്തി വന്ന സംഘ


ശരത് (24)

ത്തിലെ ഒരാൾ പോലീസ് പിടിയിലായി. മയ്യനാട് വില്ലേജിൽ ഉമയനല്ലൂർ പടനിലം കിണറുവിള പടിഞ്ഞാറ്റതിൽ വീട്ടിൽ സജി മകൻ ശരത്(24) ആണ് പോലീസ് പിടിയിലായത്. കഴിഞ്ഞ നാലാം തീയതി പുലർച്ചേ പായിക്കട റോഡിൽ പ്രവർത്തിച്ച് വരുന്ന മൊബൈൽ ഷോപ്പിൽ നിന്നും ഷട്ടർ കുത്തി തുറന്ന് പതിനായിരം രൂപയും സർവ്വീസിന് നൽകിയ മൊബൈലും മോഷണം നടത്തിയ മൂന്നംഗ സംഘത്തിൽ ഉൾപ്പെട്ടയാളാണ് പ്രതി. മോഷണത്തിന് ശേഷം പ്രതികളെ സംബന്ധിച്ച സൂചന പോലീസിന് ലഭിച്ചെന്ന് മനസിലാക്കിയ സംഘം എറണാകുളത്തേക്ക് രക്ഷപ്പെടുകയായിരുന്നു. പ്രതികളുടെ വീട്ടിലും പരിസരത്തും നടത്തിയ അന്വേഷണത്തിൽ സംഘാംഗം ആയ ശരത്ത് എറണാകുളത്തുണ്ടെന്ന് മനസിലാക്കിയ അന്വേഷണ സംഘം ഇയാളെ എറണാകുളം കടവന്ത്ര നിന്നും പിടികൂടുകയായിരുന്നു. പരവൂരിലടക്കം സംഘം നടത്തിയ മോഷണങ്ങൾ ഇയാൾ പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷ്, എസ്സ്.ഐമാരായ ദിൽജിത്ത്, ജയലാൽ, സി.പിഒമാരായ സുനിൽ, അനിൽ, പ്രജേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.